## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3155 | 18.06.2019-ൽ മറുപടിയ്ക്ക്

### മത്സ്യഫെഡിന് കീഴിലെ പ്രാഥമികസംഘങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.രാജൻ:** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഒല്ലൂർ നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമികസംഘങ്ങൾ ഉണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രാഥമികസംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഉൾനാടൻ മത്സ്യകർഷകരെയും പ്രസ്തുത സംഘത്തിൽ ഉൾപ്പെടുത്താനാകുമോ; വിശദാംശം അറിയിക്കുമോ? | (ബി) | പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന്, മത്സ്യമേഖലയുമായും അനുബന്ധതൊഴിൽ മേഖലയിലും പ്രവർത്തിക്കുന്ന വ്യത്യസ്ത കുടുംബത്തിൽ ഉൾപ്പെട്ട ഏറ്റവും ചുരുങ്ങിയത് 25 ആളുകൾ ചേർന്ന് 1969 ലെ കേരളാ സഹകരണ സംഘ നിയമം, വകുപ്പ് 6 ചട്ടം 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട്, ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട സംഘത്തിന്റെ കരട് ബൈലാ പകർപ്പുകൾ, തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംഘത്തിന്റെ തുടർന്നുള്ള മൂന്ന് വർഷങ്ങളിലെ പ്രവർത്തനങ്ങൾ കാണിക്കുന്ന പ്രോജക്ട് റിപ്പോർട്ട്, രജിസ്ട്രേഷൻ ഫീ ഒടുക്കിയതിന്റെ ചലാൻ രശീത്, കരട് ബൈലായിൽ ഒപ്പ് വച്ചിരിക്കുന്ന വ്യക്തികൾ വ്യത്യസ്ത കുടുംബത്തിൽപെട്ട ആളുകളാണെന്ന സാക്ഷ്യപത്രം, സംഘത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടത്തുന്നതിനായി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പ്രൊമോട്ടിംഗ് കമ്മിറ്റി അംഗങ്ങളുടെ പട്ടിക, അംഗമാകാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും ശേഖരിക്കുന്ന ഓഹരി തുക, പ്രവേശന ഫീ എന്നിവ കാണിക്കുന്ന പട്ടിക എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ നൽകേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | ഉൾനാടൻ മത്സ്യമേഖലയിൽ രൂപീകരിക്കുന്ന മത്സ്യകർഷകസഹകരണ സംഘങ്ങളിൽ മത്സ്യകർഷകർക്കും അംഗങ്ങളാകാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**